(സി) ആദിവാസികളും സമൂഹത്തിലെ ദുർബല വിഭാഗങ്ങളും ജനനം രജിസ്റ്റർ ചെയ്യാത്തതുമൂലം, സർട്ടിഫിക്കറ്റ് നേടുന്നതിനും കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിലും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ജനന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്തതുമൂലം കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ഇ) അനാഥാലയത്തിലെ കുട്ടികളുടെയും, ദത്തെടുക്കപ്പെട്ട കുട്ടികളുടെയും കാര്യത്തിൽ ജനനം രജിസ്റ്റർ ചെയ്യപ്പെടാത്ത സ്ഥിതിയിൽ ഇവരെ സ്കൂളിൽ ചേർക്കുമ്പോൾ ജനന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥയ്ക്ക് ഇളവ് നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ അദ്ധ്യയന വർഷം (2005-06) ജനന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് മൂന്ന് മാസത്തെ സാവകാശം അനുവദിച്ചിട്ടുണ്ട്.

(സി ആൻറ് ഡി) പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ അദ്ധ്യയന വർഷം (2005-06) ജനന സർട്ടിഫിക്കറ്റ് നിർബന്ധമില്ല. മറ്റ് വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ അദ്ധ്യയന വർഷം ജനന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് മൂന്ന് മാസത്തെ സാവകാശം അനുവദിച്ചിട്ടുണ്ട്.

(ഇ) ദത്തെടുക്കപ്പെട്ട കുട്ടികൾക്ക് ജനന സർട്ടിഫിക്കറ്റ് നൽകുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. അനാഥാലയങ്ങളിലെ കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യാനുള്ള സംവിധാനവും വ്യവസ്ഥകളും നിലവിൽ ഉള്ളതിനാൽ അത്തരം കുട്ടികളെ സ്കൂളിൽ ചേർക്കുമ്പോൾ ജനന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധനയിൽനിന്നും ഒഴിവാക്കേണ്ടതില്ല.

യു. പി. സ്കൂളുകളുടെ ദൂര പരിധി

14 [236] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ യു. പി. സ്കൂൾ ഉള്ള സ്ഥലത്തിന്റെ എത്ര കിലോമീറ്റർ ചുറ്റളവിൽ മറ്റൊരു യു. പി. സ്കൂളിന് അംഗീകാരം നൽകാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ദൂരപരിധി പാലിക്കാതെ അനുവദിച്ച സ്കൂളുകളുടെ അംഗീകാരം റദ്ദ് ചെയ്യുമോ;

(സി) ഈ നിബന്ധന പാലിക്കാത്ത സ്കൂളുകൾ എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം നിശ്ചിത ദൂരപരിധി നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിശ്ചിത ദൂരപരിധി നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രാദേശികമായ ആവശ്യകതയുടെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട സ്കൂളുകളുടെ അംഗീകാരം റദ്ദ് ചെയ്യാൻ വ്യവസ്ഥയില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

നിർമ്മാണം പൂർത്തിയാക്കിയവയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകുന്നത് സംബന്ധിച്ച്

15. [237] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ 'ബിൽഡിംഗ് ആൻറ് ലോക്കൽ വർക്ക്സ്', 'റോഡുകളും പാലങ്ങളും' എന്നീ വിഭാഗങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ പണി പൂർത്തിയാക്കിയ കരാറുകാർക്ക് പെൻഡിംഗ് പെയ്മെൻറ് നൽകുന്നതിനുള്ള 'ലെറ്റർ ഓഫ് ക്രെഡിറ്റ്' ഏതു കാലയളവു വരെ പണി പൂർത്തിയാക്കിയവർക്ക് നൽകിയിട്ടുണ്ട്; ഇനി ഏത് കാലയളവു വരെയുള്ളവർക്ക് നൽകാനുണ്ട്;

(ബി) എന്ത് തുകയാണ് ഇനി നൽകാനുള്ളത്;

(സി) ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ ബിൽഡിംഗ്സ് ആൻറ് ലോക്കൽ വർക്ക്സ് വിഭാഗത്തിൽ 31-3-2004 വരെ പൂർത്തിയാക്കിയ പണികളുടെ 'ലെറ്റർ ഓഫ് ക്രെഡിറ്റ്' നൽകിയിട്ടുണ്ട്. ഇനി 1-4-2004 മുതൽ നൽകാനുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 31-3-2003 വരെ പൂർത്തിയാക്കിയ പണികളുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകിയിട്ടുണ്ട്. ഇനി 1-4-2003 മുതൽ നൽകാനുണ്ട്.

(ബി) ബിൽഡിംഗ്സ് ആൻറ് ലോക്കൽ വർക്ക്സ് വിഭാഗത്തിൽ 31-3-2005 വരെ 143.48 കോടി രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 652.16 കോടി രൂപയും നൽകാനുണ്ട്.

(സി) സർക്കാരിൻെറ സാമ്പത്തികനില അനുസരിച്ചാണ് ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകുന്നത്. സാമ്പത്തികനില മെച്ചപ്പെടുന്ന സാഹചര്യത്തിൽ കുടിശ്ശിക നിവാരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരികയാണ്.

സംസ്കൃത പ്രചരണ പദ്ധതി

16. [238] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എം. മുരളി;
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃത പ്രചരണ പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly